"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി -സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2216/2024/LSGD തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-
1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 03-09-2024 ലെ J-11012/02/2019-RH(e 368234) നമ്പർ കത്ത്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01-10-2024ലെ LSGD/PD 114865/2023- CSSA1 നമ്പർ കത്ത്

ഉത്തരവ്

പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ രാജ്യത്താകമാനം, പദ്ധതി ഒന്നാം ഘട്ടത്തിൽ ആദ്യ ഗഡു ധനസഹായം അനുവദിച്ച് 18 മാസത്തിനു ശേഷം 31 % വീടുകൾ പൂർത്തിയാകാതെ അവശേഷിക്കുന്നതിനാൽ ഈ വിഷയം അടിയന്തരമായി പരിഗണിക്കുന്നതിന്, അവശേഷിക്കുന്ന വീടുകളെ തരംതിരിക്കുന്നതിനും നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്ര മന്ത്രാലയം പരാമർശം 1 പ്രകാരം നിർദ്ദേശിച്ചിരുന്നു.

പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം അനുവദിച്ചതിൽ 31.03.2024 ന് മുൻപ് പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(ജി) പദ്ധതി നിർവഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ചീഫ് സെക്രട്ടറി | ചെയർപേഴ്സൺ |
|---|---|
| | |

| | |
|---|---|
| **പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്** | **അംഗം** |
| **സെക്രട്ടറി, ധനകാര്യ വകുപ്പ്** | **അംഗം** |
| **സെക്രട്ടറി, പരിസ്ഥിതി വകുപ്പ്** | **അംഗം** |
| **സെക്രട്ടറി, റവന്യൂ വകുപ്പ്** | **അംഗം** |
| **സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്** | **അംഗം** |
| **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ** | **അംഗം** |
| **ഡയറക്ടർ, റൂറൽ തദ്ദേശസ്വയംഭരണ വകുപ്പ്** | **അംഗം** |
| **കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി** | **അംഗം** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ/എൽബിഎ &എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 16-11-2024 10:55:18

സെക്ഷൻ ഓഫീസർ